"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- ബഹു. സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള contempt Petition (civil No 219-220/2026) in Civil Appeal Nos 11904-11905/2025 ലെ 6/10/2026 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്ത് വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം വാങ്ങി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടത്തുന്ന പദ്ധതിയ്ക്ക് KURDFC യിൽ നിന്നും അഞ്ച് കോടി രൂപ വായ്പ എടുക്കുന്നതിന് കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1985/2026/LSGD തീയതി,തിരുവനന്തപുരം, 23-10-2026

---

പരാമർശം:-

1. ബഹു. സുപ്രീം കോടതിയുടെ SLP(C) No. 15323-15324/2019 നമ്പർ കേസിൻമേലുള്ള 17/09/2025 ലെ വിധിന്യായം
2. 27/09/2025 തീയതി നടന്ന സാധാരണ മീറ്റിംഗിലെ 5(1)-ാം നമ്പർ ഭരണ സമിതി തീരുമാനം.
3. സ.ഉ(കൈ)നം.109/2026/LSGD തീയതി 02.08.2026 സർക്കാർ ഉത്തരവ്
4. കെ.യു.ആർ.ഡി.എഫ്.സി മാനേജിങ് ഡയറക്ടറുടെ 03.09.2026 ലെ കെ.യു.ആർ.ഡി.എഫ്.സി/285/2025-P1 നമ്പർ നടപടിക്രമം
5 കോട്ടയം ജില്ല ജോയിന്റ് ഡയറക്ടറുടെ 14.9.2026 ലെ LSGD/JDK/5413/2026-D1 നമ്പർ കത്ത്
6 തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 21.09.2026 ലെ LSGD/PD/30330/2026 -CSSA4 നമ്പർ കത്ത്
7 ബഹു. സുപ്രീം കോടതിയുടെ Civil No 219-220/2026 in Civil Appeal Nos 11904-11905/2025 കോടതി അലക്ഷ്യകേസിലെ 6/10/2026 ലെ ഉത്തരവ്

**ഉത്തരവ്**

കോട്ടയം ജില്ലയിലെ കറുകച്ചാൽ വില്ലേജിലെ ബ്ലോക്ക് നമ്പർ 15 ൽ 434/3-2 സർവ്വേ നമ്പറിൽ ഉൾപ്പെട്ട 0.2200 ഹെക്ടർ വസ്തു ലാൻഡ് അക്വസിഷൻ പ്രകാരം പഞ്ചായത്ത് ഏറ്റെടുത്തിട്ടുള്ള വകയിൽ വസ്തുവിന്റെ ഉടമസ്ഥനായ ശ്രീ. പുന്നൻ കുര്യൻ, കൊല്ലം പറമ്പിൽ എന്നയാൾക്കു കറുകച്ചാൽ പഞ്ചായത്ത് നൽകുവാനുള്ള തുകയുമായി ബന്ധപ്പെട്ട് ടിയാൻ ബഹു.

ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന റിട്ട് പെറ്റീഷൻ കേസിൽ ടിയാന് അനുകൂലമായി വിധി ഉണ്ടാകുകയും, അതിനെതിരെ പഞ്ചായത്ത് ബഹു. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത SLP(C) No. 15323-15324/2019 കേസ് ബഹു കോടതി തള്ളുകയും, പരാമർശം(1) ലെ ബഹു. കോടതി വിധി പ്രകാരം വസ്തുവിന്റെ ഉടമസ്ഥനായ ശ്രീ. പുന്നൻ കുര്യൻ എന്ന വ്യക്തിയിൽ നിന്നും 0.2200 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് സെന്ററിന് 1200000/- രൂപ നിരക്കിൽ 6,60,00,000/- രൂപയോളം ആവശ്യമാണെന്ന സാഹചര്യം കണക്കിലെടുത്ത് 2,60,00,000/- രൂപ തനത് ഫണ്ട് വകയിരുത്തിയും, ശേഷിക്കുന്ന തുക കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്നും വായ്പ എടുത്തും ടി സ്ഥലം വാങ്ങുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചിട്ടുണ്ട്. ആയതിന് കെ.യു.ആർ.ഡി.എഫ്.സി യിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ട്. ബഹു. സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിനുള്ള കാലാവധി കഴിഞ്ഞതിനാൽ ഭൂവുടമ ഫയൽ ചെയ്ത contempt Petition (civil No 219-220/2026) in Civil Appeal Nos 11904-11905/2025 ൻമേലുള്ള ബഹു. സുപ്രീം കോടതിയുടെ 6/10/2026 ലെ ഉത്തരവ് പ്രകാരം 27/10/2026 ൽ പഞ്ചായത്ത് വസ്തുവിന്റെ ഉടമസ്ഥന് നൽകിയ തുക അനുവദിച്ച വിശദാംശങ്ങൾ ഉൾപ്പെടെ സത്യവാങ്മൂലം ഫയൽ ചെയ്യുന്നതിന് ബഹു.സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ കറുകച്ചാൽ ഗ്രാമ പഞ്ചായത്ത് വസ്തുവിന്റെ ഉടമസ്ഥന് ഭൂമി വാങ്ങിയ ഇനത്തിൽ നൽകേണ്ടതായി 54.36 cent x 12 lakh /cent = 6,6000000/- രൂപ ( six crore sixty lakh only )ആവശ്യമായി വരുമെന്നും, ഇതിൽ 2,60,00,00,0/(Two crore sixty lakh only ) തനത് ഫണ്ട് വിനിയോഗിച്ചും, അവശേഷിക്കുന്ന 4 കോടി രൂപ KURDFC യിൽ നിന്ന് ലോൺ മുഖേന കണ്ടെത്തുന്നതിനും , കൂടാതെ shopping complex നിർമ്മിയ്ക്കുന്നതിനായി ഒരു കോടി രൂപയും ഉൾപ്പെടെ ആകെ ( 4 crore+ One crore= Five crore) അഞ്ച് കോടി രൂപ KURDFC യിൽ നിന്ന് വായ്പ എടുക്കുന്നതിന് പരാമർശം (2 )പ്രകാരം ഭരണസമിതി തീരുമാനം കൈക്കൊള്ളുകയും പരാമർശം (3) ലെ സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം പരാമർശം (4) ലെ KURDFC മാനേജിംഗ് ഡയറക്ടറുടെ നടപടി ക്രമം, പരാമർശം (5) പ്രകാരമുള്ള ജോയിന്റ് ഡയറക്ടറുടെ ശിപാർശ എന്നിവ സഹിതമുള്ള തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരാമർശം(6) പ്രകാരം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. സുപ്രീം കോടതിയുടെ പരാമർശം (7) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കറുകച്ചാൽ ഗ്രാമപഞ്ചായത്തിൽ സ്ഥലം വാങ്ങി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം നടത്തുന്ന പദ്ധതി സാമ്പത്തിക ഭദ്രതയുള്ളതാണെന്നും, കറുകച്ചാൽ ഗ്രാമപഞ്ചായത്ത് സമർപ്പിച്ച തനതു ഫണ്ടിന്റെ നീക്കിയിരുപ്പ് അവസാന മൂന്ന് വർഷം യഥാക്രമം 2,06,27,430/-, 2,18,80,311/-, 2,19,61,268/- രൂപയായതിനാൽ വായ്പയുടെ പലിശ തിരിച്ചടവിന് ടി തുക പര്യാപ്തമായതിനാൽ അടങ്കൽ തുകയുടെ 90% ന് ഗ്രാമപഞ്ചായത്തിന് അർഹതയുള്ളതാണെന്ന KURDFC യുടെ നടപടി ക്രമത്തിന്റെ അടിസ്ഥാനത്തിലും, നിലവിൽ ഗ്രാമപഞ്ചായത്ത് ഒരു ധനകാര്യ സ്ഥാപനത്തിൽ നിന്നും വായ്പ എടുത്തിട്ടില്ലെന്നും ആയതു കൊണ്ട് തന്നെ പഞ്ചായത്തിന് യാതൊരുവിധ തിരിച്ചടവുകളോ സാമ്പത്തിക ബാധ്യതകളോ അത്തരത്തിൽ ഇല്ലായെന്നും , മുൻ വർഷങ്ങളിലെ പഞ്ചായത്തിന്റെ വരവ് ചെലവ് കണക്കുകൾ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് വിഭാവനം ചെയ്തിട്ടുള്ളതിൻ പ്രകാരം പദ്ധതിയിൽ നിന്നും വരുമാനം ലഭിക്കാനിടയില്ലാത്ത സാഹചര്യം സംജാതമാവുകയാണെങ്കിൽ പഞ്ചായത്തിന് ലഭ്യമാകുന്ന ജനറൽ പർപ്പസ് ഫണ്ട്, പ്ലാൻ ഫണ്ട് എന്നിവ ഉപയോഗിച്ചും, നിലവിൽ ലഭ്യമായ മാർഗ്ഗങ്ങളിലൂടെ (കുടിശ്ശിക ഉൾപ്പെടെ ഉള്ള കെട്ടിട നികുതി, വാടക, കെട്ടിട നിർമ്മാണ അനുമതി ഫീസ്, ലൈസൻസ് ഫീ) ലഭ്യമാകേണ്ട വരുമാനം പൂർണ്ണമായും പിരിച്ചെടുത്തു പഞ്ചായത്തിന്റെ തനതു വരുമാനം ഉയർത്തിയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചും തുക തിരിച്ചടവ് സാധിക്കുമെന്നതിനാൽ KURDFC - യിൽ നിന്നും വായ്പ എടുക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന് ജോയിന്റ് ഡയറക്ടർ

റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, KURDFC വായ്പക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന സാഹചര്യം കണക്കിലെടുത്ത് പരാമർശം (3) സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചിരിയ്ക്കണമെന്ന വ്യവസ്ഥയിലും, പ്രസ്തുത ഉത്തരവിലെ വ്യവസ്ഥ ( 16 )പ്രകാരം വായ്പ തിരിച്ചടവിന് സർക്കാരിൽ നിന്ന് ഫണ്ടുകളൊന്നും അനുവദിയ്ക്കുന്നതല്ലായെന്ന വ്യവസ്ഥയിലും . വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കഴിയാത്തപക്ഷം; വകപ്പുതല പരിശോധന നടത്തി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് സർക്കാർ തലത്തിൽ കുറവ് ചെയ്ത് ബന്ധപ്പെട്ട ധനകാര്യ സ്ഥാപനത്തിന് വായ്പ തുക നൽകുന്നതാണെന്ന വ്യവസ്ഥയിലും, കോട്ടയം ജില്ലയിലെ കറുകച്ചാൽ ഗ്രാമപഞ്ചായത്തിന് സ്ഥലം വാങ്ങി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതിയ്ക്ക് KURDFC യിൽ നിന്നും 5 കോടി രൂപ( അഞ്ച് കോടി രൂപ മാത്രം) വായ്പ എടുക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ ,KURDFC , തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ ,കോട്ടയം ജില്ല
സെക്രട്ടറി, കറുകച്ചാൽ ഗ്രാമപഞ്ചായത്ത്.കോട്ടയം ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി1/334/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 24-10-2026
11:03:24

സെക്ഷൻ ഓഫീസർ

**copy to :- Ps to Hon. Min lsgd**